മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: പൊതുവായിട്ടുള്ള ആവശ്യമനുസരിച്ചു ഈ നയത്തെ നിയമമാക്കാമൊ?

മിസ്റ്റർ സി. എ. ഔസേപ്പ്: അത്യാവശ്യമുള്ള സ്ഥലങ്ങളിൽ ചിലപ്പോൾ ഇതു വേണ്ടിവരും. അതുകൊണ്ടു് ഇതു നിയമമാക്കാൻ സാദ്ധ്യമല്ല.

മിസ്റ്റർ ടി. പി. സീതാരാമൻ: സ്ഥലം അകപ്പയർ ചെയ്യുവാൻ പ്രാപ്തപ്പെടുവിച്ചു ഉത്തരവു് ഇന്ന അധികാരത്തിലിരിക്കുന്ന ഗവണ്മെണ്ടാണൊ?

മിസ്റ്റർ സി. എ. ഔസേപ്പ്: സ്ഥലം അകപ്പയർ ചെയ്യുവാൻ ഓർഡർ ഇട്ടിട്ടുണ്ടെന്നു പറയുന്നതു ഒരു തെറ്റിദ്ധാരണയിന്മേലാണു്. വാസ്തവത്തിൽ അങ്ങിനെ ഒരു ഓർഡറില്ല.

മിസ്റ്റർ എ. കെ. ജോൺ: സെൻറ് മേരീസ് കോളേജു് ബിൽഡിങ്ങ് എക്സ്റ്റൻഷൻ ചെയ്യുവാൻ സ്ഥലം അകപ്പയർ ചെയ്തു കൊടുക്കുമൊ?

Mr. President: That is a hypothetical question.

ALLEGATIONS AGAINST VILLAGE OFFICER—REPORT REGARDING

227. (26) **Mr. C. V. Iyyu** *(Kunnamkulam):* Will Government be pleased to state.—

(*a*) Whether they have noted the news report under the caption "ഗവണ്മെണ്ടിന്റെ ശ്രദ്ധക്കു" from Mulavukad dated 24th Kanni 1124 in column 3 on page 2 of the "Powraneethi" dated 24 Kanni 1124;

(*b*) if so, whether the allegations against the Village Officer referred to is correct;

(*c*) if so, what action have they taken;

(*d*) whether it is a fact that no paddy has been procured from the house of the Grain Purchase Parvathiam referred to till now?

Mr. E. Ikkanda Warriar *(Prime-Minister)*:

(*a*) Yes.

(*b*) No.

(*c*) Does not arise in view of the answer to sub-division (b)

(*d*) As the paddy income of the individual was not even sufficient for his domestic consumption no paddy has been procured from him.

APPOINTMENT OF PUISNE JUDGE IN THE HIGH COURT OF JUDICATURE—INFORMATION REGARDING

228. (95) മിസ്റ്റർ എ. ഈച്ചരമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു സദയം മറുപടി പറയുമൊ.—

(എ) ഇപ്പോൾ ഹൈക്കോടതിയിൽ ഉള്ള പൂണി ജഡ്ജിമാരെ സർവ്വീസ് കണക്കാക്കിയിട്ടാണോ വെച്ചിരിക്കുന്നതു്;

(ബി) ഈയിടെ പ്രാപ്തപ്പെടുവിച്ച സിവിൽലിസ്റ്റിൽ മിസ്റ്റർ പി. രാമൻമേനോനു് പന്ത്രണ്ടിലധികം കൊല്ലവും മിസ്റ്റർ മാമ്പിള്ളിക്കു് ഒമ്പതിലധികം കൊല്ലവും സർവ്വീസ് കാണുന്നതു ശരിയാണോ;

(സി) അങ്ങിനെയാണെങ്കിൽ മിസ്റ്റർ രാമൻമേനോന്റെ അവകാശം അവഗണിച്ചതു് എന്തുകൊണ്ടു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) സർവ്വീസ്മാത്രം നോക്കിയല്ല.

(ബി) ശരിയാണു്.

(സി) ഒഴിവു കുറച്ചു കാലത്തേക്കുമാത്രം ഉള്ളതായതുകൊണ്ടു് ഡിപ്പാർട്ടുമെണ്ടിൽ ഏറ്റവും മുതുങ്ങിയ മാറ്റം മാത്രമേ ഉണ്ടാകുവു എന്ന പ്രധാന ഉദ്ദേശം വച്ചുകൊണ്ടാണു് നിയമനം നടത്തിട്ടുള്ളതു്.

RETRENCHMENT IN THE P. W. D.—PROPOSALS OF THE RETRENCHMENT COMMITTEE

229. (201) **Mr. C. V. Iyyu** *(Kunnamkulam):* Will Government be pleased to state.—

(*a*) whether the Retrenchment Committee appointed by Government has proposed retrenchment in the staff of the P. W. D.;

(*b*) if so, what are the posts suggested by the Committee to be reduced;

(*c*) does the proposal for retrenchment affect the number of Assistant Engineers as well as Executive Engineers;

(*d*) if so, will they be pleased to inform as to why they have notified for filling up the posts of Engineers for the Peechi irrigation project when there will be qualified engineers now in the P. W. D. whom the retrenchment affects?

LIBRARY ARCHIVES Kerala Legislative Assembly

Mr. K. Ayyappan *(Minister for Works and Revenue)*:

(*a*) Yes.

(*b*) A list is appended. *(Vide Appendix I)*

(*c*) No.

(*d*) The question does not arise in view of the answer to question (c)

മിസ്റ്റർ സി. വി. ഇയ്യു: അപ്പൻറിക്സ് ഒന്നിൽ, ക്ലാക്ക് ഫ ® ഡ്രാഫ്റ്റ്സ്മെൻ ൭, പ്യൂൺസ് ൨ ൦ എന്നു കാണുന്നുണ്ട്. ഇതിൽ ആഫീസുടെ റാങ്കിലുള്ള ആരേയും റിട്രെഞ്ചുമെൻറിൽ പെടുത്തിയിരിക്കുന്നതായി കാണുന്നില്ല. അതു വേണ്ടെന്നു വച്ചിട്ടാണോ അങ്ങിനെ ചെയ്തിട്ടുള്ളതു?

മിസ്റ്റർ കെ. അയ്യപ്പൻ: റിട്രെഞ്ചുമെൻറ കമ്മിറ്റി (Retrenchment Committee) യുടെ ശുപാർശയനുസരിച്ചുള്ള റിട്രെഞ്ചുമെൻറാണ് നടത്തിയിരിക്കുന്നതു. ഇതിലും വലിയ റിട്രെഞ്ചുമെൻറിൻെറ പ്രൊപ്പോസൽ ഗവണ്മെണ്ടിൻെറ ആലോചനയിലിരിക്കുന്നു.

മിസ്റ്റർ സി. വി. ഇയ്യു: പബ്ലിക്ക് വർക്സ് ഡിപ്പാർട്ട്മെണ്ടിലേക്കു റിട്രെഞ്ചുമെൻറ് കമ്മിറ്റി അയച്ചതായ കപ്സ്റ്റിനേയറിന്നു മറുപടി അയച്ചിട്ടില്ലായെന്നു ഇതിന്നു മുമ്പു ഒരു കട്ട മോഷൻ അവതരിപ്പിച്ച അവസരത്തിൽ ഞാൻ പറയുകയുണ്ടായി. അതിന്നുശേഷം റിട്രെഞ്ചുമെൻറ കമ്മറ്റി ശുപാർശ ചെയ്തിട്ടുള്ള റിട്രെഞ്ചുമെൻറാണോ നടത്തിയിട്ടുള്ളതു, അതോ അതിലുംകൂടുതലായി വല്ല റിട്രെഞ്ചുമെൻറും നടത്തിയിട്ടുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: റിട്രെഞ്ചുമെൻറ കമ്മിറ്റി ഉദ്ദേശിച്ചതിലും വലിയ റിട്രെഞ്ചുമെൻറിൻെറ കാര്യം ഗവണ്മെണ്ടിൻെറ ആലോചനയിൽ ഇരിക്കുകയാണു,

മിസ്റ്റർ എ. കെ. ജോഷ്വ: ഈ റിട്രെഞ്ചുമെൻറ ഇലക്ട്രിക്കൽ ഡിപ്പാർട്ട്മെൻറിൽനിന്നു മാത്രമുള്ളതല്ലേ?

മിസ്റ്റർ കെ. അയ്യപ്പൻ: പബ്ലിക്കുവർക്സ് ഡിപ്പാർട്ട്മെൻറിലെ റിട്രെഞ്ചുമെൻറിൻെറ സംഗതി ഗവണ്മെണ്ടിൻെറ ആലോചനയിൽ ഇരിക്കുകയാണെന്നു ഇതിന്നു മുമ്പുതന്നെ പറഞ്ഞുവല്ലൊ.

മിസ്റ്റർ എ. കെ. ജോഷ്വ: റിട്രെഞ്ചുമെൻറ കമ്മിറ്റിയുടെ കപ്സ്റ്റിനേയറിന്നു ചീഫ് എഞ്ചിനീയർ ഉത്തരം അയച്ചിട്ടില്ലായെന്നു പറയുകയുണ്ടായല്ലൊ. അതുകൊണ്ടാണ് ഇയ്യു ഇലക്ട്രിക്കൽ ഡിപ്പാർട്ട്മെൻറിൽനിന്നു മാത്രമുള്ളതാണോ എന്നു ചോദിച്ചതു.

മിസ്റ്റർ കെ. അയ്യപ്പൻ: നോട്ടീസു കൂടാതെ മറുപടി പറയാൻ നിവർത്തിയില്ല.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: റിട്രെഞ്ചുമെൻറ് നടത്തുന്ന ഉദ്യോഗത്തിൽ തല്ക്കാലം ഇരിക്കുന്ന ആൾതന്നെ ഒഴിഞ്ഞുപോകണമെന്നുണ്ടോ അതോ സീനിയാറിറ്റി അനുസരിച്ചുള്ള ആൾ ഒഴിഞ്ഞുപോയാൽമതിയോ?

മിസ്റ്റർ കെ. അയ്യപ്പൻ: കഴിയുന്നതും സീനിയോറിറ്റി അനുസരിച്ചാണു ആളുകളെ ഉദ്യോഗത്തിൽ നിറുത്തുന്നതു. പിരിച്ചുവിടുന്ന ആളുകൾക്കു വേറെ വല്ല ഡിപ്പാർട്ട്മെൻറിലും ജോലി കൊടുക്കുവാൻ സാധിക്കുമോയെന്നു നോക്കുന്നുണ്ടു.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: എല്ലാദിക്കിലും സർവ്വീസു കുറഞ്ഞവരെത്തന്നെയാണോ പരിച്ചുവിടുന്നതു?

മിസ്റ്റർ കെ. അയ്യപ്പൻ: ചില പ്രത്യേക കപാളിഫിക്കേഷൻ ആവശ്യമുള്ള തസ്തികയിൽ സർവ്വീസുകുറഞ്ഞ ആൾ ഇരിക്കുൻണ്ടെങ്കിൽ അതിന്നു വേറെആളെ കിട്ടുവാൻ നിവർത്തിയില്ലാത്തതുകൊണ്ടു ആ ആളെ പിരിച്ചുവിട്ടില്ലായെന്നുവരാം.

മിസ്റ്റർ അലക്സാണ്ടർപറമ്പിത്തറ: ഒരു ഡിപ്പാർട്ട്മെണ്ടിൽ ഏറ്റവും ചുരുങ്ങിയ സർവ്വീസുള്ള ആളുകളെ മുഴുവൻ പിരിച്ചുവിട്ടാൽ ആ ഡിപ്പാർട്ടുമെൻറ് ശരിയ്ക്കു നടത്തിക്കൊണ്ടുപോകുവാൻ സാധിയ്ക്കുമോ?

മിസ്റ്റർ കെ. അയ്യപ്പൻ: കഴിയുന്നിടത്തോളം ഉദ്യോഗസ്ഥന്മാരുടെ എണ്ണം ചുരുക്കി ഡിപ്പാർട്ട്മെൻറ ശരിയ്ക്കു നടത്തികൊണ്ടുപോകുവാനാണു നോക്കുന്നതു.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: സർവ്വീസു കൂടുതലുള്ള ആളുകളെനിത്തി സർവ്വീസു കുറഞ്ഞ ആളുകളെ പിരിച്ചുവിടുന്നുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: അതാണു ഗവണ്മെണ്ടിൻെറ ഉദ്ദേശം.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: ഡിപ്പാർട്ടുമെൻറിൽ ജോലിശരിയ്ക്കു നടത്തിക്കൊണ്ടുപോകാനുള്ള ഉദ്ദേശമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. അയ്യപ്പൻ: അതെ.

മിസ്റ്റർ എം. ഐ. പോൾ: ഈ അപ്പൻറിക്സിൽ പറഞ്ഞിട്ടുള്ളടത്തോളംമാത്രംകൊണ്ടു കഴിഞ്ഞുവോ, ഈ ഡിപ്പാർട്ട്മെൻറിലെ റിട്രെഞ്ച്മെൻറ്?

മിസ്റ്റർ കെ. അയ്യപ്പൻ: ഇതിനുള്ള മറുപടി ഞാൻ മുമ്പുതന്നെ പറഞ്ഞുകഴിഞ്ഞിട്ടുണ്ട്.

മിസ്റ്റർ കെ. കുഞ്ഞിരാമൻമേനോൻ: റിട്രെഞ്ച്മെൻറ് കമ്മിറ്റിയിൽനിന്നു പബ്ലിക്ക് വർക്സ് ഡിപ്പാർട്ട്മെൻറിലേക്കയച്ച കാസ്റ്റിനേറിനു മറുപടി അയച്ചിട്ടില്ലായെന്നു പറയുകയുണ്ടായല്ലോ. എന്നാൽ റിട്രെഞ്ച്മെൻറ് കമ്മറ്റിക്കു വല്ല നിർദ്ദേശവും കൊടുത്തിരുന്നുവൊ?

മിസ്റ്റർ കെ. അയ്യപ്പൻ: അങ്ങിനെ ഒരു നിർദ്ദേശം കൊടുത്തതായി അറിയുന്നില്ല.

മിസ്റ്റർ കെ. കുഞ്ഞിരാമൻമേനോൻ: വലിയ ശമ്പളക്കാരായ ഉദ്യോഗസ്ഥന്മാരെ റിട്രെഞ്ച്മെൻറിൽ പെടുത്തരുതു എന്നു വല്ല നിർദ്ദേശവും കൊടുത്തിട്ടുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: എന്നെ സംബന്ധിച്ചിടത്തോളം അങ്ങിനെ ഒരു നിർദ്ദേശം കൊടുത്തിട്ടില്ല.

UNEMPLOYMENT OF HARBOUR WORKS—REASONS FOR

230. (191) മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നു സദയം മറുപടി പറയുമൊ. —

(എ) കൊച്ചി ഹാർബറിൽ കൺട്രാക്ട് സമ്പ്രദായത്തിൽ ജോലികൾ നടത്തുവാനാരംഭിച്ചതുമുതൽ നാട്ടുകാരായ തൊഴിലാളികളിൽ ഭൂരിപക്ഷവും തൊഴിലില്ലാതായി തീർന്നിട്ടുണ്ടെന്നുള്ള വിവരം ഗവൺമെണ്ടിന്നറിയാമൊ;

(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും ഉപശാന്തിയുണ്ടാക്കുവാൻ ഗവൺമെണ്ടിനു കഴിവുണ്ടോ?

മിസ്റ്റർ സി. എ. ഔസേപ്പ്:

(എ) ഇല്ല.

(ബി) മേൽ ഉത്തരംകൊണ്ടു് ഇതിനു മറുപടി ആവശ്യമില്ല.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: കൺട്രാക്ട് സമ്പ്രദായത്തിലാണു അവിടെ ജോലി നടക്കുന്നതു എന്നു ഗവൺമെണ്ടിനു അറിയാമോ?

മിസ്റ്റർ സി. എ. ഔസേപ്പ്: കൺട്രാക്ട് സമ്പ്രദായത്തിലും അവിടെ ജോലി നടക്കുന്നുണ്ട് എന്നുള്ളതല്ലാതെ അധികവും അങ്ങിനെയാണു് നടക്കുന്നതു എന്നു പറയുവാൻ നിവർത്തിയില്ല. കൃത്യമായി പറയണമെന്നുണ്ടെങ്കിൽ നോട്ടീസ്സുവേണം.

മിസ്റ്റർ പി. കെ. ഡീവർ: കൺട്രാക്ട് സമ്പ്രദായത്തിൽനടത്തുന്ന ജോലികൾക്കു് ഈ നാട്ടുകാരല്ലാത്ത ആളുകളെക്കൊണ്ടുവന്ന ഇവിടെയുള്ള ആളുകൾക്കില്ലാത്ത സൌകര്യങ്ങൾ കൊടുത്തു പണിയെടുപ്പിച്ചു വരുന്നതായി ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

മിസ്റ്റർ സി. എ. ഔസേപ്പ്: ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

മിസ്റ്റർ പി. കെ. ഡീവർ: അതിനെപ്പറ്റി അന്വേഷിയ്ക്കാൻ ദയവുണ്ടാകുമോ?

മിസ്റ്റർ സി. എ. ഔസേപ്പ്: അന്വേഷിയ്ക്കാം.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: അതിനെ സംബന്ധിച്ചുള്ള ഒരു കട്ടുമോഷൻവന്ന അവസരത്തിൽ ഈകാര്യത്തെ സംബന്ധിച്ചു ആലോചന നടത്തിവരുകയാണു എന്നു പറയുകയുണ്ടായി. ആ ആലോചന ഒന്നു ത്വരിതപ്പെടുത്താമോ?

മിസ്റ്റർ സി. എ. ഔസേപ്പ്: ആലോചന ത്വരിതപ്പെടുത്താം.

Mr. C. V. Iyyu (*Kunnamkulam*): Just one more, Sir, Mr. Autokaran is not a mechanical Engineer. If it is, I want to know whether the Hon'ble Prime Minister will be pleassed to issue an order to Mr. K. B. Menon, he should have understood well about the bulldozer machine. K. B. Menon.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇതിനെപ്പറ്റി മെക്കാനിക്കൽ പരിജ്ഞാനമുള്ള ആളുകളെക്കൊണ്ടു പരിശോധിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2. ,, T. K. Kunjayyappan
3. ,, Sebastian Thoppil
4. ,, K. K. Kannan

proposed by Mr. P. K. Krishnankutty Menon and seconded by Mr. K. Kochukuttan. Since only for nomination papers have been received, these Hon'ble members are declared duly elected to the Advisory Committee for Education, etc.

And lastly there is the Advisory Committee for Works and Communications. Four members have to be elected to this Committee also. Only four nomination papers have been received and they are.—

1. Mr. K. T. Achuthan
2. Miss. Annie Joseph
3. Mr. A. K. Kunhumoideen
4. ,, K. Kunhiraman Menon

proposed by Mr. P. K. Krishnankutty Menon and seconded by Mr. K. Kochukuttan. Since only four nomination papers have been received, these Hon'ble members are declared duly elected to the Advisory Committee for Works and Communications.

With this the business of this session is over and the House stands adjourned *sine die*.

The House was adjourned sine die at 7.42 p-m.

N. I. OUSEPH
Secretary

7. APPENDICES

APPENDIX I

[Please see question No. 229 (201)]

Staff proposed to be retrenched by the Retrenchment Committee in Public Works Department

Clerks	..	15	..	Rs. 30- 75
Draftsman	..	7	..	Rs. 60-100
Peons	..	20	..	Rs. 20

APPENDIX II

[Please see question No. 243 (135)]

Years	Expenditure on works	Tender excess
1118	16,28,000	about 45%
1119	29,81,000	about 185%
1120	48,74,000	about 260%
1122	107,68,000	about 325%
1123	131,83,000	

APPENDIX III

[Please see question No. 257 (193)]

PROCEEDINGS OF THE GOVERNMENT OF HIS HIGHNESS THE MAHARAJA OF COCHIN

EDUCATION AND PUBLIC HEALTH DEPARTMENT

Grant-in-aid-newly opened Schools and Classes

Read Reports D2-30591/1122, dated 19th November 1947 and D1-39542/22, dated 4th March 1948 from the Director of Public Instruction.

Order E3-18517/23, dated 19th May 1948

Instead of starting new Primary Schools and Classes aided by Government shift system will be introduced in all the existing schools in Class I and II for the present.

2. The Director of Public Instruction is requested to submit proposals regarding the time and duration of the shift and other details.

(By order of the Government of Cochin)
(Sd.)
Assistant Secretary

LIBRARY ARCHIVES Kerala Legislative Assembly